LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾക്ക് ഇത് സംബന്ധിച്ച ചുമതലകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) അല്ല. കരട് പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും ഗ്രാമസഭ മുഖേന ചർച്ച ചെയ്ത് പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്.

(സി) കരട് ഗുണഭോക്തൃ പട്ടികയിൽ അർഹർ ഒഴിവായിപ്പോയിട്ടുണ്ടെങ്കിൽ അവർക്ക് 2017 ആഗസ്റ്റ് 10 വരെയുള്ള ഒന്നാം ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്കും 2017 ആഗസ്റ്റ് 25 വരെ ജില്ലാ കളക്ടർക്കും ആക്ഷേപങ്ങൾ സമർപ്പിക്കാം. ആക്ഷേപം പരിശോധിച്ച് അർഹത ബോധ്യപ്പെടുന്നപക്ഷം അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കരട് ഗുണഭോക്തൃ പട്ടിക തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്ക്രൂട്ടിനി ആന്റ് അപ്പീൽ കമ്മിറ്റി പരിശോധിച്ച് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ജൂലൈ 30-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി

109 (T[+] 1448) <u>ശ്രീ. കെ. മുരളീധരൻ:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ 'ലൈഫിന്' തുടക്കംകുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

---

\+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഉയർന്ന ജീവിതസാഹചര്യവും ജീവനോപാധിയും ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി". സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞുകണ്ടെത്തി, ഭവനം എന്നതിനപ്പുറം ജീവിതോപാധിക്കുകൂടി സൗകര്യം നൽകുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.

ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാല് വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
4. ഭൂരഹിത ഭവനരഹിതർ. ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- 40 %-നുമേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര മാരകരോഗമുള്ളവർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ .

എന്നിവരുൾപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ക്ലേശഘടകങ്ങൾ പരിശോധിച്ച് മുൻഗണന നൽകുന്നതാണ്.

വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി ആരംഭിച്ച് വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായം നൽകി ഗുണഭോക്താക്കൾ നേരിട്ടോ അതിന് കഴിയാത്തവർക്ക് ഏജൻസി മുഖേനയോ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഭൂരഹിത-ഭവനരഹിതർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടുംകൂടിയ ഭവനസമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകും. ഭൂമിയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി വ്യക്തിഗത ഭവനനിർമ്മാണം നടത്തുന്നതാണ്. വാസയോഗ്യമല്ലാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കൽ, അതിന്റെ നിർവ്വഹണം എന്നിവയുള്ള നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്. ഇതിനായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി കരട്/ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ഭവനം എന്നതിനപ്പുറം ജീവിതോപാധിക്കുകൂടി സൗകര്യം നൽകുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഓരോ കുടുംബത്തിൽ നിന്നും കുറഞ്ഞത് ഒരാൾക്കെങ്കിലും തൊഴിൽ നൈപുണ്യ പരിശീലനം നൽകി ജീവനോപാധി കണ്ടെത്തുന്നതിന് പ്രാപ്തനാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടുംകൂടിയ ഭവനസമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇതിനായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.